**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5954** **09-07-2024 - ൽ മറുപടിയ്ക്ക്**

**നികുതി സമാഹരണം നീതിപൂർവകവും കാര്യക്ഷമവുമാക്കേണ്ടതിന്റെ ആവശ്യകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.എസ്.ടി. സംവിധാനത്തിൽ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് സംഭവിക്കുന്ന കാലതാമസത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നികുതി ചോർച്ച കുറച്ചും നികുതി വെട്ടിപ്പ് തടഞ്ഞും നികുതി സമാഹരണം നീതിപൂർവകവും കാര്യക്ഷമവുമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് നികുതി ചോർച്ച കുറയ്ക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി സമാഹരണം നീതിപൂർവകവും കാര്യക്ഷമമാക്കുന്നതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വകുപ്പിനെ ജി.എസ്.ടി. നിയമത്തിന് അനുസൃതമായി പുന:സംഘടിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഫലപ്രദമായി പ്രവർത്തിച്ചും വരുന്നു. |
| (ബി) | നികുതി ചോർച്ച പരമാവധി കുറച്ചും നികുതി വെട്ടിപ്പ് തടഞ്ഞും നികുതി ഒടുക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തിയും കാര്യക്ഷമമായ നികുതി നിർവഹണം സാധ്യമാക്കാനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് നികുതി ചോർച്ച പരമാവധി കുറച്ചും, നികുതി വെട്ടിപ്പ് തടഞ്ഞും, നികുതി ഒടുക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തിയും, കാര്യക്ഷമമായ നികുതി നിർവഹണം സാധ്യമാക്കാനും, നികുതി പിരിവിലുണ്ടായ മാറ്റം പൊതുജനങ്ങളെ അറിയിക്കുന്നതിനും, അവരെ ബോധവൽക്കരിക്കുന്നതിനും ജി.എസ്.ടി യെ സംബന്ധിച്ച് പൊതുവായ അവബോധം സൃഷ്ടിക്കാനുമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് വിവിധ ക്യാമ്പയിനുകൾ സംഘടിപ്പിച്ച് വരുന്നു.<br><br>ജി.എസ്.ടി. യെ സംബന്ധിച്ചും, നികുതി സമ്പ്രദായത്തിലെ മാറ്റങ്ങൾ, നികുതി നൽകേണ്ടതിന്റെ ആവശ്യകത, നികുതി വെട്ടിപ്പ് തടയുക എന്നിവയെകുറിച്ചും വ്യാപാരികൾ, നികുതി പ്രാക്ടീഷണേഴ്സ്, പൊതുജനങ്ങൾ, എന്നിവരിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി വിവിധ പത്രക്കുറിപ്പുകൾ, അച്ചടി മാധ്യമങ്ങളിലെ പരസ്യങ്ങൾ, സോഷ്യൽ മീഡിയ, ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ, പൊതുഇടങ്ങളിലെ പരസ്യങ്ങൾ എന്നിവ വഴിയുള്ള പ്രചാരണങ്ങൾ വ്യാപകമായി |

| | | | |
|---|---|---|---|
| | | | നടത്തി വരുന്നു. “ബില്ല് ചോദിച്ച് വാങ്ങുക നികുതി വെട്ടിപ്പ് തടയുക” എന്ന<br><br>ആശയത്തിൽ ഊന്നിയതും, "ലക്കി ബിൽ ആപ്പ്" “ആംനസ്റ്റി പദ്ധതി” പോലെയുള്ള സർക്കാരിന്റെ വിവിധ ജനോപകാരപ്രദമായ നികുതിയിളവ് പദ്ധതികൾ എന്നിവയുടെ ബോധവൽക്കരണത്തിനും ഈ മാധ്യമങ്ങൾ ഉപയോഗിക്കുന്നു. വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാനത്തെ ചരക്ക് സേവന നികുതി വകുപ്പ് കാര്യാലയങ്ങളിൽ എത്തുന്ന പൊതുജനങ്ങൾ, വ്യാപാരികൾ, ടാക്സ് പ്രാക്ടീഷണർമാർ എന്നിവർക്ക് മെച്ചപ്പെട്ട സേവനങ്ങളും, സൗകര്യങ്ങളും ലഭ്യമാക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ വിവിധ ജില്ലാ ആസ്ഥാനങ്ങളിൽ കസ്റ്റമൈസ്ഡ് ടാക്സ് കോർണറുകൾ സ്ഥാപിച്ചു. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പ് പുന:സംഘടിപ്പിക്കുകയും ചെയ്തു. |
| (സി) | സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ സമൂലമായി പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി ഉന്നത തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | വിലയിരുത്തിയിട്ടുണ്ട്. ജി എസ് ടി നിയമങ്ങൾക്കനുസൃതമായി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിലേക്കായി സംസ്ഥാന ചരക്ക് സേവനനികുതി വകുപ്പിനെ സമഗ്രമായി പുന:സംഘടിപ്പിക്കുവാൻ കഴിഞ്ഞു എന്നത് നേട്ടമായി കണക്കാക്കുന്നു. പുന:സംഘടനയെ തുടർന്ന് വകുപ്പിലെ ജീവനക്കാർക്ക് വിദഗ്ധ പരിശീലനം നൽകുകയും അത് നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും ആധുനിക സാങ്കേതിക വിദ്യകളടക്കമുള്ള സംവിധാനങ്ങൾ ഉപയോഗിച്ച ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗത്തിന് നൽകിയ വിദഗ്ധ പരിശീലനം നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിന് ജീവനക്കാരെ കൂടുതൽ പ്രാപ്തരാക്കാനും സഹായിച്ചിട്ടുണ്ട്.ജി എസ് ടി നിയമം നിലവിൽ വന്നതിനു ശേഷം ഇന്ത്യയിൽ നികുതി വകുപ്പിനെ സമഗ്രമായും ആധികാരികമായും പുന:സംഘടിപ്പിച്ചിട്ടുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. |
| (ഡി) | ബിസിനസ് ഇന്റലിജൻസ് ആൻഡ് ഫ്രോഡ് അനലിറ്റിക്സ്, അനലിറ്റിക്സ് ഇൻസൈറ്റ് റിപ്പോർട്ട് എന്നിവ ഉൾപ്പെടെയുള്ള ആധുനിക സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് വിവിധ തരത്തിലുള്ള നികുതി വെട്ടിപ്പുകൾ എത്രയും വേഗം കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്. ബിസിനസ്സ് ഇന്റലിജൻസ് ആൻഡ് ഫ്രോഡ് അനലിറ്റിക്സ് (BIFA), അനലിറ്റിക്സ് ഇൻസൈറ്റ് റിപ്പോർട്ട് എന്നിവ ഉൾപ്പെടെയുള്ള ആധുനിക സങ്കേതങ്ങൾ കാലതാമസം കൂടാതെ ഫലപ്രദമായി ഉപയോഗിക്കുന്നതിലേക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവ കൃത്യമായി പരിശോധിച്ച് നികുതി വെട്ടിപ്പുകൾ കാലതാമസം കൂടാതെ കണ്ടെത്തി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ